# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6136

10-07-2012 ൽ മറുപടിയ്ക്ക്

## നെൽ വില

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| രാസവളത്തിന്റെ വിലവർദ്ധിച്ച സാഹചര്യത്തിലും ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യത്തിലും നെല്ലിന്റെ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | നെല്ലിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ 31/08/2011 ൽ നെൽവില കിലോയ്ക്ക് 14 രൂപയിൽ നിന്നും 15 രൂപയായി ഉയർത്തിയിട്ടുണ്ട്. കേരളത്തിലെ കർഷകർക്ക് നെൽകൃഷിയ്ക്കുള്ള ഉല്പാദനച്ചെലവ് താരതമ്യേന ഉയർന്നതായതിനാൽ, കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവിലയേക്കാൾ ഒരു ഉയർന്ന സംഭരണ വിലയ്ക്കാണ് (കിലോയ്ക്ക് 15 രൂപ) സംസ്ഥാന സർക്കാർ നെല്ല് സംഭരിക്കുന്നത്. നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി അരിയുടെ വിലയും വർദ്ധിക്കുന്നതിന് കാരണമാകും. അരിവില ക്രമാതീതമായി വർദ്ധിക്കുന്നത് സമൂഹത്തിലെ സാധാരണക്കാരുടെയും ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ളവരുടെയും ദൈനംദിന ജീവിതത്തെ സാരമായി ബാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ നെല്ലിന്റെ സംഭരണ വില തൽക്കാലം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ